## അദ്ധ്യായം പത്തൊമ്പത്

# ക്രിസ്തുവിൽ - ചില യാഥാർത്ഥ്യങ്ങൾ

**(In Christ - Realities)**

ക്രിസ്തുവിൽ , ക്രിസ്തുവിനോടു ചേർന്നു , ക്രിസ്തുവിനോടു കുടെ അവനിൽ തുടങ്ങിയ ചില പ്രയോഗങ്ങൾ പുതിയനിയമത്തിലെ ലേഖനങ്ങളിൽ കാണാം. യേശു ചെയ്ത സത്പ്രവർത്തികളിലൂടെ നമുക്ക് ലഭിച്ച ചില നന്മകളെ ഇത് വെളിവാക്കുന്നു. ദൈവം നമ്മെ കതുപോലെ നാം ക്രിസ്തുവിൽ നമ്മെ കാണുമ്പോൾ ആ കാഴ്ചപ്പാട് നാം എങ്ങനെ ജീവിക്കണം എന്ന് ദൈവം ആഗ്രഹിച്ചുവോ അതുപോലെ ജീവിക്കുവാൻ അത് നമ്മളെ സഹായിക്കും. ശിഷ്യന്മാരെ നേടുന്ന ഒരു ശുശ്രൂഷകൻ തന്റെ ശിഷ്യന്മാരെ അവർ ക്രിസ്തുവിൽ ആരെന്ന് പഠിപ്പിക്കുകയും, ആത്മീക പ ക്വത പ്രാപിക്കുവാൻ സഹായിക്കുകയും വേണം.

ഒന്നാമതായി ക്രിസ്തുവിൽ എന്നതുകൊ് അർത്ഥമാക്കുന്നത് എ ന്താണ്?

നാം വീും ജനിക്കുമ്പോൾ നാം ക്രിസ്തുവിന്റെ ശരീരത്തോട് ഏകീഭവിക്കുകയും ആത്മികമായി ക്രിസ്തുവിൽ ഒന്നായി തീരുകയും ചെയ്യും.

> അതുപോലെ പലരായ നാം ക്രിസ്തുവിൽ ഒരു ശരീരവും എല്ലാവരും തമ്മിൽ അവയവങ്ങളും ആകുന്നു (റോമ 12:5).

> കർത്താവിനോട് പറ്റിചേരുന്നവനോ അവനുമായി ഏകാത്മാവാകുന്നു (1 കൊരി 6:17).

> എന്നാൽ നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും ഓരോരുത്തൻ വെവ്വേറെ അവയവങ്ങളും ആകുന്നു (1 കൊരി 12: 27).

യേശുക്രിസ്തുവിനെ വിശ്വസിക്കുന്നവർ തങ്ങൾ ക്രിസ്തുവിനോട് ചേർന്നിരിക്കുന്നു എന്നും ക്രിസ്തുവിന്റെ ശരീരത്തിന്റെ അവയവങ്ങളാണെന്നും അവനോട് ചേർന്ന് ഏകആത്മാവ് ഉള്ളവനാണെന്നും അറിഞ്ഞിരിക്കണം.

നാം ക്രിസ്തുവിൽ ആയിരിക്കുന്നതുകൊ് ലഭിക്കുന്ന ചില അനുഭവങ്ങളെ വെളിപ്പെടുത്തുന്ന ഒരു വാക്യം ശ്രദ്ധിക്കുക.

നിങ്ങളോ അവനാൽ യേശു ക്രിസ്തുവിൽ ഇരിക്കുന്നു. അവൻ നമുക്ക് ദൈവത്തിങ്കൽ നിന്ന് ജ്ഞാനവും നീതിയും ശുദ്ധികരണവും വീടെുപ്പും ആയിത്തീർന്നു (1 കൊരി 1:30).

ക്രിസ്തുവിൽ നാം നീതികരിക്കപ്പെട്ടിരിക്കുന്നു (അതുകൊ് തെറ്റ് ചെയ്യരുത് നീതിമാത്രം ചെയ്യുക), വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു (ദൈവത്തിന്റെ വിശുദ്ധിയുള്ള വേലക്കായി വേർതിരിക്കപ്പെട്ടിരിക്കുന്നു), വിടുവിക്കപ്പെട്ടിരിക്കുന്നു (അടിമത്വത്തിൽനിന്നും വിലയ്ക്ക് വാങ്ങപ്പെട്ടിരിക്കുന്നു) നാം നീതിക്കും വിശുദ്ധിക്കും വിടുതലിനും ആയി കാത്തിരിക്കേ ആവശ്യം ഇല്ല. കാരണം നാം ക്രിസ്തുവിൽ ആയിരിക്കുന്നതുകൊ് ആ അനുഗ്രഹങ്ങളൊക്കെയും ഇപ്പോൾ തന്നെ നൽകപ്പെട്ടിരിക്കുന്നു.

ക്രിസ്തുവിൽ നമ്മുടെ പാപങ്ങളൊക്കെയും ക്ഷമിക്കപ്പെട്ടിരിക്കുന്നു,

അവൻ നമ്മെ ഇരുട്ടിന്റെ അധികാരത്തിൽനിന്നും വിടുവിച്ച് തന്റെ സ്നേഹസ്വരൂപനായ പുത്രന്റെ രാജ്യത്താക്കി അവനിൽ നമുക്ക് പാപമോചനം എന്ന വീടെുപ്പ് ഉ് (കൊലൊ 13–14).

നാം സാത്താന്റെ സാമ്രാജ്യമാകുന്ന അന്ധകാരത്തിന്റെ അധികാരത്തിലല്ല. യേശുക്രിസ്തുവിന്റെ സാമ്രാജ്യമാകുന്ന വെളിച്ചത്തിന്റെ അധികാരത്തിലാണെന്ന് ഈ വചനഭാഗം നമുക്ക് ഉറപ്പ് തരുന്നു.

ഒരുത്തൻ ക്രിസ്തുവിൽ ആയാൽ അവൻ പുതിയ സൃഷ്ടി ആകുന്നു പഴയത് കഴിഞ്ഞുപോയി, ഇതാ അതുപുതുതായി തീർന്നിരിക്കുന്നു (2 കൊരി 5:17).

നിങ്ങൾ ക്രിസ്തുവിനെ പിൻപറ്റുമ്പോൾ സമാധിയിൽ ഇരിക്കുന്ന ഒരു പുഴു എപ്രകാരം ചിത്രശലഭമായി രൂപാന്തരപ്പെടുന്നുവോ അതുപോലെ നിങ്ങൾ പുതുതായിതീരുന്നു. നിങ്ങളുടെ ആത്മാവിന് പുതുക്കം പ്രാപിക്കുന്നു. സാത്താന്റെ സ്വാർത്ഥസ്വഭാവം കൊടികുത്തിവാണിരുന്ന നിങ്ങളുടെ ഇന്നലെകൾ മരിച്ചിരിക്കുന്നു .

## ക്രിസ്തുവിൽ കൂടുതൽ അനുഗ്രഹങ്ങൾ
## (More Blessings in Christ)

കർത്താവായ യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ നിങ്ങൾ എല്ലാം ദൈവത്തിന്റെ മക്കൾ ആയിത്തീർന്നിരിക്കുന്നു (ഗലാ 3:26).

ദൈവത്തിന്റെ ആത്മാവിനാൽ ജനിക്കപ്പെട്ട ദൈവത്തിന്റെ മക്കളാണു നാം എന്നറിയുന്നത് അതിശയകരമല്ലേ? നാം പ്രാർത്ഥനയോടെ ദൈവത്തിന്റെ അടുക്കലേക്കുവരുമ്പോൾ നാം ദൈവത്തിന്റെ അടുക്കലേക്കുമാത്രമല്ല നമ്മുടെ പിതാവിങ്കലേക്ക് അടുത്തുചെല്ലുകയാണ്.

നാം അവന്റെ കൈപ്പണിയായി സൽപ്രവൃത്തികൾക്കായിട്ടു ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു; നാം ചെയ്തു പോരേതിനു ദൈവം അവ മുന്നൊരുക്കിയിരിക്കുന്നു (എഫേ 2:10).

ദൈവം നമ്മെ സൃഷ്ടിക്കുകമാത്രമല്ല, അവൻ നമ്മെ ക്രിസ്തുവിൽ വീും ജനിപ്പിക്കുകകൂടെ ചെയ്തു. നാം ചെയ്യേ ശുശ്രൂഷയെ അവൻ മുൻനിർണ്ണയിച്ചു. "സത്പ്രവൃത്തികൾ ... നാം ചെയ്യേപ്രവർത്തികൾ അവൻ മുന്നൊരുക്കിയിരിക്കുന്നു. നമുക്കെല്ലാം വ്യക്തിപരമായ വ്യത്യസ്ത വിധിയ്."

പാപം അറിയാത്തവനെ, നാം അവനിൽ ദൈവത്തിന്റെ നീതി ആകേതിന്നു, അവൻ നമുക്കുവേി പാപം ആക്കി (2 കൊരി 5:21).

നാം ക്രിസ്തുവിലായിരിക്കുന്നതുകൊ് ദൈവത്തിന്റെ നീതിയാണ് നമുക്ക് നൽകപ്പെട്ടിരിക്കുന്നത്. ദൈവം നമ്മിൽ വസിക്കുന്നു. പരിശുദ്ധാത്മാവ് നമ്മെ രൂപാന്തരപ്പെടുത്തിയിരിക്കുന്നു. നാം ചെയ്യുന്ന സത്പ്രവൃത്തികൾ എല്ലാം ദൈവം നമ്മിലുടെ ചെയ്യുന്ന ദൈവത്തിന്റെ സത്പ്രവൃത്തികളാണ്.

നാമോ, നമ്മെ സ്നേഹിച്ചവൻ മൂഖാന്തിരം ഇതിൽഒക്കെയും പൂർണ്ണജയം പ്രാപിക്കുന്നു (റോമ 8:37).

പൗലോസ് എഴുതിയ ഇതിൽ ഒക്കെയും എന്നാൽ എന്താണ്? റോമാലേഖനത്തിൽ തുടർന്നുള്ള വ്യക്യങ്ങൾ ഇതിൽ ഒക്കെയും എന്നു പറഞ്ഞാൽ എന്താണെന്ന് വിശദീകരിക്കുന്നു. അത് ഒരു വിശ്വാസിയുടെ ജീവിതത്തിൽ കടന്നുവരുന്ന പ്രയാസങ്ങളും പ്രതിസന്ധികളുമാണെന്ന് പൗലോസ് വ്യക്തമാക്കുന്നു. ക്രിസ്തുവിന്റെ രക്തസാക്ഷികൾ ലോകത്തിന്റെ ദൃഷ്ടിയിൽ പരാജിതരാണ്, എന്നാൽ ദൈവത്തിന്റെ ദൃഷ്ടിയിൽ വിജയികളാണ്. ക്രിസ്തുവിലുടെ നാം പോരാടിക്കൊേ ഇരിക്കും, മരിച്ചാൽ നാം സ്വർഗ്ഗത്തിൽപോകും!

എന്നെ ശക്തനാക്കുന്നവൻ മുഖാന്തിരം ഞാൻ സകലത്തിനും മതിയായവൻ (ഫിലി 4:13).

ക്രിസ്തുവിലൂടെ നമുക്ക് ഒന്നും അസാദ്ധ്യമല്ല; ദൈവം നമുക്ക് ശക്തിയും പ്രാപ്തിയും പ്രദാനം ചെയ്യുന്നു. നമുക്ക് എന്തും പൂർത്തികരിക്കാൻ കഴിയും.

എന്റെ ദൈവമോ നിങ്ങളുടെ ബുദ്ധിമുട്ട് ഒക്കെയും മഹത്വത്തോടെ തന്റെ ധനത്തിനൊത്തവണ്ണം യേശുക്രിസ്തുവിൽ പൂർണ്ണമായി തീർത്തുതരും (ഫിലി 4:19).

ആദ്യം അവന്റെ രാജ്യവും നീതിയും അന്വേഷിച്ചാൻ ദൈവം നമ്മുടെ ആവശ്യങ്ങളൊക്കെയും സാധിച്ചുതരും; ദൈവം നമ്മുടെ ഇടയനാണ്, തന്റെ ആടുകളെ അവൻ പരിപാലിക്കും!

## ദൈവത്തിന്റെ അരുളപ്പാടിനോട് അനുരഞ്ജനപ്പെടുന്നത്
## (Agreeing with what God says)

നിർഭാഗ്യകരമെന്നുപറയട്ടെ തിരുവചനം നമ്മെക്കുറിച്ചു പറഞ്ഞിട്ടുള്ള പലതും നാം വിശ്വസിക്കുന്നില്ല. വചനം പറയുന്നതിനു വിപരീതമായി നാം വിശ്വസിക്കുന്നു. എന്നെ ശക്തനാക്കുന്നവൻ മുഖാന്തിരം ഞാൻ സകലത്തിനും മതിയായവൻ എന്ന വചനത്തെ എനിക്ക് ശക്തിയില്ല, എനിക്ക് ഒന്നും സാധിക്കയില്ല എന്നു വപരീതമായി വിശ്വസിക്കുന്നു.

ഇങ്ങനെയുള്ള പ്രസ്താവനകളെയാണ് വചനം ദുർവത്തമാനം എന്നു പറയുന്നത് കാരണം അത് ദൈവം പറഞ്ഞിരിക്കുന്നതിന് വിപരീതമാണ് (സംഖ്യ 13:32) നമ്മുടെ ഹൃദയം ദൈവവചനം കൊ് നിറഞ്ഞാൽ, നാം വിശ്വാസത്തിൽ നിറയും വചനാടിസ്ഥാനത്തിൽ വിശ്വസിക്കുന്നത് ഉറക്കെ പറയണം.

## വചനാടിസ്ഥാനത്തിലുള്ള ചില പ്രഖ്യാപനങ്ങൾ
## (Some Biblical Declarations)

നാം എന്തായിരിക്കുന്നു എന്നു ദൈവം നമ്മെക്കുറിച്ച് പ റഞ്ഞിരിക്കുന്നത് നാം വിശ്വസിക്കുകയും പറയുകയും ചെയ്യണം

നമുക്ക് എന്ത് ചെയ്യുവാൻ കഴിയും എന്നു ദൈവം നമ്മെക്കുറിച്ച് പ റഞ്ഞിരിക്കുന്നത് നാം വിശ്വസിക്കുകയും പറയുകയും ചെയ്യണം.

ദൈവം ആരെന്ന് അവൻ നമ്മോട് പറഞ്ഞിരിക്കുന്നത് ഞാൻ വിശ്വസിക്കുകയും പറയുകയും ചെയ്യണം

ദൈവം എന്തുചെയ്യുമെന്ന് പറഞ്ഞിട്ടുോ അത് അവൻ ചെയ്യുമെന്ന് നാം വിശ്വസിക്കുകയും പറയുകയും ചെയ്യണം.

എല്ലാം വിശ്വാസികൾക്കും സധൈര്യം വിളിച്ചുപറയാവുന്ന ചില ദൈവിക അരുളപ്പാടുകൾ താഴെ കൊടുത്തിരിക്കുന്നു. വചനത്തിന്റെ അടിസ്ഥാനത്തിൽ അവയെല്ലാം സത്യംതന്നെ.

അവൻ എനിക്ക് ദൈവത്തിങ്കൽനിന്ന് ജ്ഞാനവും നീതിയും ശുദ്ധികരണവും വീടെുപ്പുമായിത്തീർന്നു (1 കൊരി 1:30).

അവൻ എന്നെ ഇരുട്ടിന്റെ അധികാരത്തിൽനിന്നുവിടുവിച്ച് സ്നേഹസ്വരൂപനായ പുത്രന്റെ വെളിച്ചത്തിന്റെ രാജ്യത്തിലാക്കിവെക്കുകയും ചെയ്തു (കൊലോ 1:13).

അവനിൽ എനിക്ക് അവന്റെ രക്തത്താൽ അതിക്രമങ്ങളുടെ മോചന മെന്ന വീടെുപ്പ് (എഫേ 1:7).

ഞാൻ ക്രിസ്തുവിൽ പുതിയ സൃഷ്ടിആകുന്നു പഴയതു കഴിഞ്ഞുപോയി, ഇതാ ഞാൻ പുതുതായിതീർന്നിരിക്കുന്നു (2 കൊരി 5:17).

ഞാൻ അവന്റെ കൈപ്പണിയായി സൽപ്രവൃത്തികൾക്കായിട്ടു ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടവനാകുന്നു (എഫേ 2:10).

ഞാൻ അവനിൽ ദൈവത്തിന്റെ നീതി ആകേതിന് അവൻ എനിക്കുവേി പാപം ആക്കി (2കൊരി 5:21).

ഞാൻ നമ്മെ സ്നേഹിച്ചവൻ മുഖാന്തരം ഇതിൽ ഒക്കെയും പ ൂർണ്ണജയം പ്രാപിച്ചിരിക്കുന്നു (റോമ 8:37).

എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയായവൻ (ഫിലി 4:13).

എന്റെ ദൈവമോ എന്റെ ബുദ്ധിമുട്ടൊക്കെയും മഹത്വത്തൊടെ തന്റെ ധനത്തിനൊത്തവണ്ണം ക്രിസ്തുയേശുവിൽ പൂർണ്ണമായി തീർത്തുതരും (ഫിലി 4:19).

ഞാൻ വിശുദ്ധനായി വിളിക്കപ്പെട്ടിരിക്കുന്നു (1കൊരി 1:2). ഞാൻ ദൈവത്തിന്റെ പൈതലാകുന്നു (യോഹ 1:12; 1 യോഹ 3:1-2).

എന്റെ ശരീരം പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു (1 കൊരി 6:19)

ഇനി ജീവിക്കുന്നതുഞാനല്ല; ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നത് (ഗലാ 2:20).

ഞാൻ സാത്താന്റെ അധികാരത്തിൽ നിന്നും വിടുവിക്കപ്പെട്ടിരിക്കുന്നു (അപ്ര 26:18).

ദൈവത്തിന്റെ സ്നേഹം എനിക്കു നൽകപ്പെട്ട പരിശുദ്ധാത്മാവിനാൽ എന്റെ ഹൃദയത്തിൽ പകർന്നിരിക്കുന്നുവല്ലോ (റോമ 5:5).

എന്നിലുള്ളവൻ ലോകത്തിലുള്ളവനേക്കാൾ വലിയവൻ (1 യോഹ 4:4).

സ്വർഗ്ഗത്തിലെ സകല ആത്മിക അനുഗ്രഹത്താലും എന്നെ ക്രിസ്തുവിൽ അനുഗ്രഹിച്ചിരിക്കുന്നു (എഫേ 1:3).

മരിച്ചവനായിരുന്ന എന്നെ ക്രിസ്തുവിനോടുകൂടെ ജീവിപ്പിച്ച് സ്വർഗ്ഗത്തിൽ ഇരുത്തിയിരിക്കുന്നു. (എഫേ 2: 4-6).

ദൈവത്തെ സ്നേഹിച്ച് നിർണ്ണയപ്രകാരം വിളിക്കപ്പെട്ട എനിക്ക് എല്ലാം നന്മക്കായി കൂടി വ്യാപരിക്കുന്നു (റോമ 8:28).

ദൈവം എനിക്ക് അനുകൂലമെങ്കിൽ പ്രതികൂലം ആർ? (റോമ 8:31).

യാതൊന്നിനും ദൈവസ്നേഹത്തിൽനിന്ന് എന്നെ അകറ്റുവാൻ കഴിയുകയില്ല (റോമ 8:35-39).

സകലവും എനിക്ക് സാദ്ധ്യമാണ് കാരണം ഞാൻ ഒരു വിശ്വാസിയാണ് (മർക്കോ: 9:23).

ഞാൻ ദൈവത്തിന്റെ മഹാപുരോഹിതനാണ് (വെളി 1:6).

ദൈവം തന്റെ ആത്മാവിനാൽ എന്നെ നടത്തുന്നുകാരണം ഞാൻ അവന്റെ പൈതലാണ് (റോമ 8:14).

ഞാൻ ദൈവത്തെ പിൻപറ്റുന്നതുകൊ് എന്റെ പാതഅനുദിനം പ്രഭാതം പോലെ വെളിച്ചമുള്ളതാകുന്നു (സദൃ 4:18).

ശുശ്രൂഷയ്ക്ക് ദൈവം എനിക്കു പ്രത്യേകകൃപകളും വരങ്ങളും നൽകിയിരിക്കുന്നു (1 പത്രോ 4:10-11).

എനിക്ക് ഭൂതങ്ങളെ പുറത്താക്കുവാനും, രോഗികളുടെ മേൽ കൈവച്ച് സൗഖ്യമാക്കുവാനും കൃപലഭിച്ചിരിക്കുന്നു (മർക്കോ 16:17-18).

ദൈവം എപ്പോഴും എന്നെ ക്രിസ്തുവിൽ ജയോത്സവമായി നടത്തുന്നു (2 കൊരി 2:14).

ഞാൻ ക്രിസ്തുവിന്റെ സ്ഥാനാപതിയാണ് (1 കൊരി 5:20).

എനിക്ക് നിത്യജിവൻ ഉ് (യോഹ 3:16).

വിശ്വസിച്ചുകൊ് ഞാൻ പ്രാർത്ഥനയിൽ യാചിക്കുന്നതെന്തും എനിക്കുലഭിക്കും (മത്താ 21:22).

യേശുവിന്റെ അടിപ്പിണരാൽ എനിക്കുസൗഖ്യം ലഭിച്ചിരിക്കുന്നു (1 പത്രോ 2:24).

ഞാൻ ഭൂമിയുടെ ഉപ്പ് ആകുന്നു; ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു (മത്താ 5:13-14).

ഞാൻ ദൈവത്തിന്റെ അവകാശിയും ക്രിസ്തുവിനു കൂട്ടവകാശിയും തന്നെ (റോമ 8:17).

ഞാൻ തിരഞ്ഞെടുക്കപ്പെട്ടജാതിയും രാജകീയപുരോഹിത വർഗ്ഗവും, വിശുദ്ധവംശവും, സ്വന്തജനവും ആകുന്നു (1 പത്രോ 2:9).

ഞാൻ ക്രിസ്തുവിന്റെ ശരീരത്തിന്റെ ഒരു അവയവം ആകുന്നു (1 കൊരി 12:27).

യഹോവ എന്റെ ഇടയനാകുന്നു; എനിക്ക് മുട്ടുാകയില്ല (സങ്കി 23:1).

യഹോവ എന്റെ ജീവന്റെ ബലം; ഞാൻ ആരെ പേടിക്കും? (സങ്കീ 27:1).

ദൈവം എന്നെ ദീർഘായുസുകൊ് തൃപ്തിവരുത്തും (സങ്കി 91:16).

എന്റെ രോഗങ്ങളെ യേശു വഹിച്ചു; എന്റെ വേദനകളെ യേശു ചുമന്നു ( യെശയ്യ 53: 45).

കർത്താവ് എനിക്കുതുണ ഞാൻ പേടിക്കയില്ല (എബ്രാ 13:6).

ദൈവം എനിക്കായികരുതുന്നതുകൊ് എന്റെ സകല ചിന്താകുലവും ഞാൻ അവന്റെ മേൽ ഇടുന്നു (1 പത്രോ 5:7).

ഞാൻ പിശാചിനോട് എതിർത്തുനില്ക്കും; അവൻ എന്നെവിട്ട് ഓടിപ്പോകും (യാക്കോ 4:7).

ഞാൻ എന്റെ പ്രാണനെ യേശുവിനുവേി തൃജിച്ചുകൊ് ഞാൻ എന്റെ ജീവനെ നേടും (മത്താ 16:25).

ഞാൻ കർത്താവിന്റെ ദാസൻ ആകുന്നു (1 കൊരി 7:22).

എനിക്കു, ജീവിക്കുന്നതു ക്രിസ്തുവും മരിക്കുന്നതു ലാഭവും ആകുന്നു (ഫിലി 1:21).

എന്റെ പൗരത്വം സ്വർഗ്ഗത്തിലാകുന്നു (ഫിലി 3:20).

എന്നിൽ നല്ല പ്രവൃത്തിയെ ആരംഭിച്ചവൻ യേശുക്രിസ്തുവിന്റെ നാളോളം അതിനെ തികെയ്ക്കും (ഫിലി 1:4).

ഇച്ഛിക്ക എന്നതും പ്രവർത്തിക്ക എന്നതും എനിക്ക് ദൈവമാണ് തിരുവുള്ളമുായിട്ട് പ്രവർത്തിക്കുന്നത് (ഫിലി 2:13).

ദൈവവചനാടിസ്ഥാനത്തിൽ നമുക്ക് പ്രാപിക്കാവുന്ന ചില വാഗ്ദത്തങ്ങളുടെ സാമ്പിൾ ആണ് മുകളിൽ ഉദ്ധരിച്ചവചനങ്ങൾ. ഈ വാഗ്ദത്തവചനങ്ങൾ ദിനവും ഉരുവിടണം. തന്മൂലം ഹൃദയത്തിന്റെ ആഴങ്ങളിൽ അത് വേരൂന്നുകയും ഫലം പുറപ്പെടുവിക്കുകയും ചെയ്യും. വായിൽനിന്നു പുറത്തുവരുന്ന ഈ വചനങ്ങളെ നിയന്ത്രിച്ച് ദൈവഹിതം ന മ്മിൽ വെളിപ്പെടാൻ നമുക്ക് നമ്മെ പൂർണ്ണമായി ദൈവത്തിന് ഏല്പിച്ചുകൊടുക്കാം.